# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **06.02.2014 -ലെ**
**നമ്പർ: 5028** **മറുപടിക്ക്**

## വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. വിമുക്തഭടന്മാരുടെ ക്ഷേമം സംബന്ധിച്ച് പഠനം നടത്തുന്നതിനായി ശ്രീ. എൻ. വി. ജി നമ്പ്യാർ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) നിയോഗിച്ചിരുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് കോർപ്പറേഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) സമിതിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | (ബി & സി) ഉണ്ട്. വിമുക്തഭടന്മാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നതിനായി സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കെക്സ്കോൺ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>I. കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയവ :-<br>1. Speciality Veteran Hospital വിമുക്തഭടന്മാർക്കായി സ്ഥാപിക്കുക.<br>2. വൺ റാങ്ക് വൺ പെൻഷൻ നടപ്പിലാക്കുക<br>3. Dual Family Pension നടപ്പിലാക്കുക.<br>4. Penury Grant 1000/- രൂപയിൽ നിന്നും 3000/- രൂപയായി വർദ്ധിപ്പിക്കുക. |

5. Medical facilities for non pensioners:- പെൻഷന് അർഹതയില്ലാത്ത വിമുക്ത ഭടന്മാർക്ക് വേണ്ടി.
6. Pension for Territorial Army personnel:- തുടർച്ചയായി 5 വർഷമെങ്കിലും സൈന്യസേവനം അനുഷ്ഠിച്ചവർക്ക് പെൻഷൻ ഏർപ്പെടുത്തുക.
7. CSD Canteen facilities:- വൃദ്ധരായ വിമുക്തഭടന്മാർക്കും വിധവകൾക്കും കെക്സ്കോൺ മുഖാന്തിരം നിശ്ചിത സ്ഥലങ്ങളിൽ കാന്റീൻ സാധനങ്ങൾ വാങ്ങുന്നതിനായി സൗകര്യം ഏർപ്പെടുത്തുക.

II. സംസ്ഥാന സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടവ :

1. Rehabilitation of Ex-Servicemen - വിമുക്തഭടന്മാരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ സഹായം ഉറപ്പാക്കുക.
2. Reservation of vacancies in Govt. jobs – സർക്കാർ ജോലിയിൽ സംവരണം ഉറപ്പാക്കുക.
3. Monitoring of filling up of reserved posts by PSC- പി. എസ്. സി. നിയമനങ്ങളിൽ വിമുക്തഭട സംവരണം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുക.
4. Increase of seats in professional colleges – മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിൽ വിമുക്തഭടന്മാരുടെ മക്കൾക്കുള്ള സീറ്റുകൾ വർദ്ധിപ്പിക്കുക.
5. Re-Organisation of KEXCON – കെക്സ്കോൺ പുനഃസംഘടിപ്പിക്കുക.
6. Sainik Rest House – കേരളത്തിലെ എല്ലാ ജില്ലകളിലും സൈനിക റെസ്റ്റ് ഹൗസ് തുറക്കുക.
7. Ex-gratia Pension – വിവിധ കാരണങ്ങളാൽ സൈന്യ സേവനത്തിൽ നിന്നും നിർദ്ദിഷ്ട കാലയളവിനു മുൻപ് പിരിഞ്ഞു വന്നവർക്ക് കുറഞ്ഞത് 3000 രൂപയെങ്കിലും പെൻഷൻ അനുവദിക്കുക.

| | |
|---|---|
| ഡി) റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം എന്നറിയിക്കുമോ ? | ഡി) റിപ്പോർട്ടിലെ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കുന്നതിനായി ശുപാർശകൾ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട ശുപാർശ-കളിന്മേൽ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ